"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ് - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലെ പ്രോഗ്രാം മാനേജറും കാവൽ പദ്ധതിയുടെ നോഡൽ ഓഫീസറുമായ കെ കൃഷ്ണമൂർത്തി, കാവൽ പദ്ധതിയുടെ സംസ്ഥാനതല പ്രോഗ്രാം കോർഡിനേറ്ററായ ശ്രീനേഷ് എസ് അനിൽ എന്നിവർക്ക് ന്യൂഡൽഹിയിൽ നടക്കുന്ന SKOCH അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.209/2026/WCDD തീയതി,തിരുവനന്തപുരം, 16-06-2026

---

പരാമർശം:-
1. 16.02.2019-ലെ സ.ഉ(പി)നം.12/2019/ധന നം.ഉത്തരവ്
2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 09.06.2026 ലെ DWCD/845/2026-ICPS 11 നം.കത്ത്

**ഉത്തരവ്**

Good governance, social development, and public service delivery എന്നീ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകുന്ന സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയെ ദേശീയ തലത്തിൽ ആദരിക്കുന്ന ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായ സ്വതന്ത്ര പുരസ്കാരങ്ങളിലൊന്നായ സ്കോച്ച് (SKOCH) അവാർഡ് ജേതാവായി വനിത ശിശു വികസന വകുപ്പ് നടപ്പിലാക്കുന്ന നൂതന പദ്ധതിയായ **കാവൽ** പദ്ധതിയെ തിരഞ്ഞെടുത്തിട്ടുണ്ട്. **2026 ജൂൺ 20-ന്** ന്യൂഡൽഹിയിലെ PHD Chamber of Commerce a n d Industry-യിൽ നടക്കുന്ന 108-ാമത് SKOCH Summit- ൽ വച്ച് നടക്കുന്ന സമ്മാനദാനച്ചടങ്ങിൽ പങ്കെടുക്കാനും, അവാർഡ് സ്വീകരിക്കുവാനും കുട്ടികളുടെ മേഖലയിലെ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുമായി സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലെ പ്രോഗ്രാം മാനേജറും കാവൽ പദ്ധതിയുടെ നോഡൽ ഓഫീസറുമായ കെ കൃഷ്ണമൂർത്തി, കാവൽ പദ്ധതിയുടെ സംസ്ഥാനതല പ്രോഗ്രാം കോർഡിനേറ്ററായ ശ്രീനേഷ് എസ്. അനിൽ എന്നിവർക്ക് അനുമതി നൽകണമെന്നും അതോടൊപ്പം ന്യൂഡൽഹിയിലേക്കും തിരിച്ചും വിമാനമാർഗ്ഗ യാത്ര ചെയ്യുന്നതിനുള്ള അനുമതിയും അർഹമായ യാത്രാബത്ത (Air Fare ഉൾപ്പെടെ) കാവൽ പദ്ധതിയുടെ State level administrative c o s t ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള അനുമതിയും നൽകണമെന്നും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിലെ പ്രോഗ്രാം മാനേജറും കാവൽ പദ്ധതിയുടെ നോഡൽ ഓഫീസറുമായ കെ

കൃഷ്ണമൂർത്തി, കാവൽ പദ്ധതിയുടെ സംസ്ഥാനതല പ്രോഗ്രാം കോർഡിനേറ്ററായ ശ്രീനേഷ് എസ്. അനിൽ എന്നിവർക്ക് 2026 ജൂൺ 20-ന് ന്യൂഡൽഹിയിൽ നടക്കുന്ന SKOCH അവാർഡ് ദാന ചടങ്ങിൽ പങ്കെടുക്കുന്നതിനും, ആയതിലേക്കായി ന്യൂഡൽഹിയിലേക്കും തിരിച്ചും വിമാന മാർഗ്ഗം യാത്ര ചെയ്യുന്നതിനും, അനുമതി നൽകി ഉത്തരവാകുന്നു

3.പ്രസ്തുത ഉദ്യോഗസ്ഥർക്കുള്ള അർഹമായ യാത്രാബത്ത കാവൽ പദ്ധതിയുടെ State level administrative cost ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ മുഖാന്തിരം )
1വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ

2.അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം

3.വെബ് & ന്യൂ മീഡിയ
4.കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 16-06-2026 15:25:54